I/28333/2023

**17/08/2023-ൽ 2.30 PM-ന് മാനേജിങ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ റവന്യൂ അവലോകന യോഗ മിനിട്ട്സ്.**

മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവരെ കൂടി പങ്കെടുപ്പിച്ച് കൊണ്ടുള്ള റവന്യൂയോഗം 2.30 PM-ന് ആരംഭിച്ചു. റവന്യൂയോഗത്തിലേക്ക് മാനേജിംഗ് ഡയറക്ടർ എല്ലാവരെയും സ്വാഗതം ചെയ്തു.

കേരള വാട്ടർ അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ പവർ പോയിൻറ് പ്രസന്റേഷൻ അവതരിപ്പിച്ചു. ആയത് അനുബന്ധമായി ചേർക്കുന്നു. വാട്ടർ ചാർജ് വർദ്ധനവ് ഉണ്ടായിട്ടും റവന്യൂ കളക്ഷനിൽ കാര്യമായ പുരോഗതി ഉണ്ടാകുന്നില്ല. ആകെ കുടിശ്ശിക തുക വീണ്ടും കൂടി വരികയാണെന്നും ബാധ്യതകൾ തീർക്കാൻ കഴിയുന്നില്ല എന്നും നോൺ പ്ലാൻ ഗ്രാൻഡ് പൂർണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ റവന്യൂ കളക്ഷൻ കൊണ്ട് മാത്രമേ അതോറിറ്റിക്ക് മുന്നോട്ടു പോകാൻ കഴിയുകയുള്ളൂ എന്നും യോഗത്തിന് ആമുഖമായി ഫിനാൻസ് മാനേജർ &ചീഫ് അക്കൗണ്ട്സ് ഓഫീസർ അറിയിച്ചു.

തുടർന്ന് ഡിസ്കണക്ഷൻ, മൊബൈൽ നമ്പർ അപ്ഡേഷൻ, റവന്യൂ റിക്കവറി നടപടികൾ, ഫോൾട്ടി മീറ്റർ സ്റ്റാറ്റസ്, മീറ്റർ റീഡിങ് പോസ്റ്റിങ്ങ്, ജെ.ജെ.എം കണക്ഷനുകളുടെ ബിൽ നൽകൽ എന്നീ ആറ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഡിവിഷൻ തലത്തിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി.

1. <u>ഡിസ്കണക്ഷൻ</u> : ജൂലൈ മാസം നിശ്ചയിച്ചു നൽകിയ ഡിസ്കണക്ഷൻ ടാർഗറ്റ് നൂറു ശതമാനത്തിന് മേൽ പൂർത്തിയാക്കിയ ഡിവിഷനുകൾ ആറ്റിങ്ങൽ, തിരുവനന്തപുരം സൗത്ത്, നെയ്യാറ്റിൻകര, കൊല്ലം, തളിപ്പറമ്പ്, മൂവാറ്റുപുഴ, തിരുവനന്തപുരം നോർത്ത്, അരുവിക്കര, ആലുവ, ആലപ്പുഴ, ഇരിഞ്ഞാലക്കുട, കോട്ടയം, സുൽത്താൻബത്തേരി എന്നിവയാണ്.

   ഏറ്റവും കുറവ് മാത്രം ഡിസ്കണക്ഷൻ പൂർത്തിയാക്കിയ ഡിവിഷനുകൾ ഷൊർണൂർ, കോഴിക്കോട്, വടകര, പി.എച്ച് ഡിവിഷൻ, കൊച്ചി, പത്തനംതിട്ട, ഡബ്ല്യൂ.എസ് ഡിവിഷൻ, കൊച്ചി, കണ്ണൂർ, തിരുവല്ല എന്നിവയാണ്.
2. <u>മൊബൈൽ നമ്പർ അപ്ഡേഷൻ</u>: മൊബൈൽ നമ്പർ അപ്ഡേഷൻ പൂർത്തിയാക്കുന്നതിൽ ഏറ്റവും പുറകിലുള്ള ഡിവിഷനുകൾ കൊല്ലം, തിരുവനന്തപുരം നോർത്ത്, തിരുവല്ല, പാലക്കാട്, ഡബ്ല്യൂ.എസ് ഡിവിഷൻ,കൊച്ചി, അരുവിക്കര, കോട്ടയം, ആറ്റിങ്ങൽ, ആലപ്പുഴ എന്നിവയാണ്.
3. <u>റവന്യൂ റിക്കവറി സ്റ്റാറ്റസ്</u>: 2023 ജൂലൈ മാസത്തെ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ കണക്ഷനുകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച ഡിവിഷനുകൾ കോട്ടയം, അരുവിക്കര, മലപ്പുറം, ആലപ്പുഴ, തിരുവനന്തപുരം സൗത്ത് എന്നിവയും ഏറ്റവും കുറവുമാത്രം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച ഡിവിഷനുകൾ തിരുവനന്തപുരം നോർത്ത്, കാസർഗോഡ്, പത്തനംതിട്ട, പാലക്കാട്, എടപ്പാൾ എന്നിവയുമാണ്.
4. <u>ഫാൾട്ടി മീറ്റർ സ്റ്റാറ്റസ്</u>: കേടായ മീറ്ററുകളിൽ ഏറ്റവും കൂടുതൽ മീറ്ററുകൾ മാറ്റിവെച്ച ഡിവിഷനുകൾ തളിപ്പറമ്പ്, വടകര, കടുത്തുരുത്തി, കാസർഗോഡ്, ഇരിഞ്ഞാലക്കുട എന്നിവയും ഏറ്റവും കുറവ് മീറ്ററുകൾ മാറ്റിവെച്ച ഡിവിഷനുകൾ തിരുവനന്തപുരം നോർത്ത്, തിരുവല്ല, തൊടുപുഴ, ഡബ്ല്യൂ.എസ് കൊച്ചി, കൊല്ലം എന്നിവയുമാണ്.
5. <u>മീറ്റർ റീഡിങ് പോസ്റ്റിംഗ്</u>: 100% റീഡിങ്ങുകളും ഇ-അബാക്കസിൽ പോസ്റ്റ് ചെയ്ത ഡിവിഷനുകൾ കടുത്തുരുത്തി, ഇരിഞ്ഞാലക്കുട, തൊടുപുഴ എന്നിവയും ഏറ്റവും കുറവു മാത്രം റീഡിങ്ങുകൾ പോസ്റ്റ് ചെയ്തിട്ടുള്ള ഡിവിഷനുകൾ കോട്ടയം, നെയ്യാറ്റിൻകര, കാസർഗോഡ്, കോഴിക്കോട്, പാലക്കാട്, തിരുവല്ല, കൊട്ടാരക്കര എന്നിവയാണ്.
6. <u>ജെ.ജെ.എം</u>: ജെ.ജെ.എം പദ്ധതിയിലൂടെ നൽകിയ പുതിയ കണക്ഷനുകൾ റൂട്ടിലാക്കി ബില്ല് നൽകുന്നതിൽ ഏറ്റവും പുറകിലുള്ള ഡിവിഷനുകൾ ആലപ്പുഴ, കൊല്ലം, കോഴിക്കോട്, നെയ്യാറ്റിൻകര, ഷൊർണൂർ എന്നിവയാണ്. പ്രൊജക്റ്റ് ഡിവിഷൻ വഴി നൽകുന്ന കണക്ഷനുകൾ റൂട്ടിലാക്കാൻ താമസം നേരിടുന്നതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ശ്രദ്ധയിൽപ്പെടുത്തി. സർക്കിൾ തലത്തിൽ മീറ്റിങ്ങുകൾ കൂടി ഇത്തരത്തിലുള്ള പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കേണ്ടതാണെന്ന് മാനേജിങ് ഡയറക്ടർ നിർദേശിച്ചു. അടുത്ത മീറ്റിംഗിൽ ആകെ ജെ.ജെ.എം. കണക്ഷനുകളുടെ എണ്ണം ജെ.ജെ.എം.

സെല്ലിലെ കണക്കുകളുമായി താരതമ്യം ചെയ്യേണ്ടതാണെന്നു ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ നിർദേശിച്ചു.

മാനേജിങ് ഡയറക്ടർ, ഓരോ മേഖലയിലും പിന്നിലുള്ള ഡിവിഷനുകൾക്ക് കൂടുതൽ പ്രവർത്തന പുരോഗതി കൈവരിക്കുന്നതിന് വേണ്ട നിർദേശങ്ങൾ നൽകി. ഡിസ്കണക്ഷൻ ടാർഗറ്റ് 100%-നു മേൽ കൈവരിച്ച ഡിവിഷനുകൾ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ, പ്രവർത്തനങ്ങൾ ഇവ മറ്റു ഡിവിഷനുകൾ മാതൃകയാക്കി പ്രവർത്തിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു.

<u>പ്രധാന യോഗ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.</u>

1. ഡിസ്കണക്ഷൻ പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള ഡിവിഷനുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇനിമേൽ ഉള്ള മീറ്റിംഗിനായി ഹെഡ് ഓഫീസിൽ നേരിട്ട് ഹാജരായി വിശദീകരണം നൽകേണ്ടതാണ്. കുടിശിക ഉള്ള 30 കിലോലിറ്ററിൽ അധികം ഉപഭോഗമുള്ള ഗാർഹിക,ഗാർഹികേതര,വ്യാവസായിക കണക്ഷനുകളും കൂടാതെ 6 മാസത്തിൽ കൂടുതൽ കുടിശിക ഉള്ള കണക്ഷനുകളും വിച്ഛേദിക്കേണ്ടതാണ്. നടപടി - എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ / റവന്യൂ ഓഫീസർമാർ.
2. എല്ലാ അൺഐഡന്റിഫൈഡ് കണക്ഷനുകളും മൂന്ന് മാസത്തിനുള്ളിൽ ഇ-അബാക്കസിൽ കുടിശികയിൽ നിന്നും ഒഴിവാക്കി ഡി.ആർ ഡിസ്കണക്ഷൻ ആക്കേണ്ടതാണ്.
   നടപടി - എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ / റവന്യൂ ഓഫീസർമാർ .
3. മാർക്കറ്റുകളിലെ പൊതു ടാപ്പുകളിൽ മീറ്റർ സ്ഥാപിക്കുന്നതിന് അടുത്ത മാസത്തേക്കുള്ള ടാർഗറ്റ് ഒരു സെക്ഷനിൽ ഒരു മീറ്റർ എങ്കിലും എന്ന രീതിയിൽ നിശ്ചയിച്ചു. ഇങ്ങനെ സ്ഥാപിക്കുന്ന മീറ്ററുകൾ നിരീക്ഷിക്കേണ്ടതും മീറ്റർ റീഡിങ്ങുകൾ ശേഖരിച്ചു എല്ലാ മാസവും ആർ.എം.സി-യിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. നടപടി - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ / റവന്യൂ ഓഫീസർമാർ .
4. മാർക്കറ്റുകളിൽ പൊതു ടാപ്പുകൾ ഇല്ലാത്തപക്ഷം ഏറ്റവും കൂടുതൽ ഉപഭോഗമുള്ള പൊതുടാപ്പിന് 30/08/2023-ന് മുൻപായി മീറ്റർ സ്ഥാപിക്കേണ്ടതാണ്. നടപടി - അസിസ്റ്റന്റ് എഞ്ചിനീയർമാർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ.
5. ഒരു കോടിയിൽ കൂടുതൽ കുടിശ്ശികയുള്ള ഗവൺമെന്റ് കണക്ഷനുകളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വേണ്ടി മാനേജിംഗ് ഡയറക്ടർ തലത്തിൽ ഡി.ഒ കത്ത് നൽകേണ്ടതാണ്. നടപടി - അക്കൗണ്ട്സ് ഓഫീസർ, ആർ.എം.സി .
6. ഡിവിഷൻ തലത്തിൽ കണക്ഷനുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സെക്ഷനുകളിലെ റവന്യൂ ജീവനക്കാരുടെ എണ്ണം പുനഃപരിശോധിച്ചു ഒഴിവുകൾ നിർണയിച്ച് 30/09/2023-നകം റിപ്പോർട്ട് ഹെഡ് ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ് വിങ്ങിൽ സമർപ്പിക്കേണ്ടതാണ്. നടപടി - R.M.C and Internal Audit Wing
7. വാഹനങ്ങൾ വാടകക്ക് എടുക്കുന്നതിനായി സാങ്കേതിക തടസ്സം നേരിടുന്ന ഡിവിഷനുകൾ സെക്രട്ടറീസ് യൂണിറ്റുമായി ബന്ധപ്പെട്ട് പ്രശ്നം പരിഹരിക്കേണ്ടതാണ്. നടപടി - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ.
8. എല്ലാ ഗവണ്മെന്റ് ഡിപ്പാർട്ട്മെന്റ് കണക്ഷനുകളും കേന്ദ്രീകൃത ബില്ലിങ്ങുകൾ ആക്കുവാൻ വേണ്ടി എല്ലാ ഡിവിഷനുകളും ഡിപ്പാർട്ട്മെന്റ് കണക്ഷനുകൾ മാർക്ക് ചെയ്യുന്ന പ്രവർത്തി 2023 ആഗസ്റ്റ് 30 -നകം പൂർത്തിയാക്കേണ്ടതാണ്. നടപടി - അസിസ്റ്റന്റ് എഞ്ചിനീയർമാർ/ റവന്യൂ ഓഫീസർമാർ.
9. **01/09/2023** മുതൽ കേന്ദ്രീകൃത ബില്ലുകൾ നൽകേണ്ടതാണ്. നടപടി - ഡി.ബി.എ, ആർ.എം.സി .

ഓരോ മാസത്തേയും റവന്യൂ കളക്ഷനിൽ 90 കോടി രൂപക്ക് പുറമെ അധികമായി പിരിച്ചെടുക്കുന്ന തുക മുഴുവനും ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിക്കേണ്ടതാണെന്ന് മാനേജിങ് ഡയറക്ടർ നിർദേശിച്ചു .

4.15 PM -ന് യോഗം അവസാനിച്ചു.

I/28333/2023

Signed by
Bhandari Swagat Ranveerchand
Date: 26-08-2023 12:58:59

Bhandari Swagat Ranveerchand IAS
MANAGING DIRECTOR